**പതിനാലാം കേരള നിയമസഭ**

**അഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.5582 24.05.2017- ൽ മറുപടിയ്ക്ക്**

## അവയവ ദാനത്തിന്റെ പേരിൽ ക്രമക്കേടുകൾ

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.ജോൺ ഫെർണാണ്ടസ്<br>ശ്രീ.വി. ജോയി.<br>ശ്രീ. കെ. ദാസൻ<br>ശ്രീ. ജോർജ് എം. തോമസ് | | **ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി)** |
| (എ) സംസ്ഥാനത്ത് അവയവ ദാനത്തിന്റെ പേരിൽ ചില സ്വകാര്യ ആശുപത്രികൾ നടത്തുന്നതായി പറയപ്പെടുന്ന ക്രമക്കേടുകൾ പരിഹരിക്കുന്നതിനായി സർക്കാർ തലത്തിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്: | (എ) | സ്വകാര്യ ആശുപത്രികളിലെ മസ്തിഷ്കമരണ സ്ഥിരീകരണത്തിൽ ക്രമക്കേടുകൾ ആരോപിച്ച് ഡോ.എസ്.ഗണപതി ബഹു.ഹൈക്കോടതിയിൽ സമർപ്പിച്ച പരാതിയിന്മേൽ സർക്കാർ തലത്തിൽ വിഷയ വിദഗ്ധരെ പങ്കെടുപ്പിച്ച് വിശദമായ ചർച്ച നടത്തുകയും മസ്തിഷ്കമരണ സ്ഥിരീകരണം കൂടുതൽ സുതാര്യവും കാര്യക്ഷമവുമാക്കുന്നതിനുള്ള കൂടുതൽ മാർഗ്ഗനിർദ്ദേശങ്ങൾ 01.02.2017 ലെ സ.ഉ.(എം.എസ്)നം.16/2017/ആകുവ പ്രകാരം പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. ആയതിൽ മസ്തിഷ്കമരണ സ്ഥിരീകരണം നടത്തുമ്പോൾ തൽസമയ വീഡിയോഗ്രാഫി നടത്തണമെന്നും മസ്തിഷ്ക മരണം സ്ഥിരീകരിക്കുന്നതിനുള്ള പാനലിൽ സർക്കാർ മേഖലയിൽ നിന്നുള്ള ഒരു ഡോക്ടർ നിർബന്ധമായും ഉണ്ടായിരിക്കണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്. |
| (ബി) സ്വകാര്യ ആശുപത്രികളിലെ മസ്തിഷ്ക മരണം സ്ഥിരീകരിക്കുന്ന ഡോക്ടർമാരുടെ സംഘത്തിൽ ഒരു സർക്കാർ ഡോക്ടർ നിർബന്ധമായും ഉണ്ടായിരിക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ടോ; | (ബി) | ഉണ്ട്. |
| (സി) അന്താരാഷ്ട്ര മാനദണ്ഡങ്ങൾ അനുസരിച്ച് മസ്തിഷ്ക മരണം സ്ഥിരീകരിക്കുന്നതിന് ആരോഗ്യ വകുപ്പ് ഡയറക്ടറുടെ കീഴിൽ ഡോക്ടർമാരുടെ സംഘത്തെ എം.പാനൽ ചെയ്തിട്ടുണ്ടോ; വിശദാംശം നൽകുമോ; | (സി) | ഉണ്ട്. മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെ (അപ്രോപ്രിയേറ്റ് അതോറിറ്റി) 15.05.2017 ലെ കെ3/1533/2017/ഡി.എം.ഇ. നടപടിക്രമം പ്രകാരം ആരോഗ്യവകുപ്പ ഡയറക്ടറുടെ കീഴിലെ ഡോക്ടർമാരുടെ സംഘത്തെ എല്ലാ ജില്ലയിലും മസ്തിഷ്കമരണം സ്ഥിരീകരിക്കുന്നതിനായി എം.പാനൽ ചെയ്തിട്ടുണ്ട്. |

| | |
|---|---|
| (ഡി) സംസ്ഥാന സർക്കാരിന്റെ അവയവദാന പദ്ധതിയായ മൃതസഞ്ജീവനി ഈ വിഷയം സംബന്ധിച്ച് ശിൽപ്പശാല സംഘടിപ്പിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ? | (ഡി) ഉണ്ട്. തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, കോട്ടയം, എറണാകുളം, തൃശ്ശൂർ, പാലക്കാട് എന്നീ ജില്ലകളിൽ ആരോഗ്യവകുപ്പിൽ നിന്നും എം.പാനൽ ചെയ്ത ഡോക്ടർമാർക്കായി ശില്പശാല നടത്തിയിട്ടുണ്ട്. വടക്കൻ ജില്ലകളിലെ ഡോക്ടർമാർക്കായി ജൂൺ മാസത്തിൽ ശില്പശാല നടത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ